(സി) സംസ്ഥാനത്തെ ആവശ്യമനുസരിച്ച് ചാരായം ഉണ്ടാക്കുന്നതിനുള്ള സ്പിരിറ്റ് കേന്ദ്ര മോളാസിസ് ബോർഡ് മുഖേന ലഭിക്കുന്നില്ല.

പമ്പാ റിവർ ഫാക്ടറി വാങ്ങിയ സ്പിരിറ്റ്

592 [757] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിന്റെ അനുവാദമില്ലാതെ മൂന്നുലക്ഷം ലിറ്റർ സ്പിരിറ്റ് മഹാരാഷ്ട്രയിൽനിന്നും വാങ്ങാൻ പമ്പാ റിവർ ഫാക്ടറി തീരുമാനിച്ചതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനം മൊത്തം എത്ര ലിറ്റർ സ്പിരിറ്റ് ഇങ്ങനെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്;

(സി) ഈ ഇടപാടിൽ അഴിമതികരം നടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.
(ബി) ഗവൺമെന്റിനറിയില്ല.
(സി) ഇല്ല.
(ഡി) ഉദിക്കുന്നില്ല.

അനധികൃതമായി കടത്തിക്കൊണ്ടുവന്ന സ്പിരിറ്റ്.

593 [758] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31–5–1986 വരെ എത്ര ലിറ്റർ അനധികൃതമായി കടത്തിക്കൊണ്ടുവന്ന സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്; ഈ സ്പിരിറ്റിന് എന്ത് വിലവരും;

(ബി) ഇതുമൂലം എത്ര കേസുകൾ ആരുടെയെല്ലാം പേരിൽ എടുത്തിട്ടുണ്ട്;

(സി) എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ഡി) സ്പിരിറ്റിന്റെ അനധികൃതമായ നീക്കം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 178015 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. ഈ സ്പിരിറ്റിന് 1156055 രൂപ വിലവരും.

(ബി) 27 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരോപിക്കാരുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) 26 വാഹനങ്ങൾ.

(ഡി) മൊബൈൽ സ്ക്വാഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാനും ഉദ്ദേശം ഉണ്ട്.

ചെത്ത്—മദ്യവ്യവസായ തൊഴിലാളി യൂണിയന്റെ സമര പ്രഖ്യാപനം

594 [759] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എല്ലാ മദ്യഷാപ്പുകൾക്കും ആഗസ്റ്റ് 31നകം ലൈസൻസ് നൽകാത്ത പക്ഷം സമരം തുടങ്ങുമെന്നുള്ള ചെത്ത് മദ്യവ്യവസ്തായ തൊഴിലാളി യൂണിയന്റെ നിലപാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സമരം ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ). ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട തുറമുഖ വികസനം

595 [760] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെറുകിട തുറമുഖ വികസനത്തിന് എന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പൊന്നാനി തുറമുഖത്തിന്റെ വികസനത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1. തുറമുഖങ്ങൾ മണ്ണുകയറി നശിച്ചുപോകാതെ കാലാകാലങ്ങളിൽ മണ്ണു മാന്തൽ നടത്തിയിട്ടുണ്ട്. ഇതിനുവേണ്ടി മൂന്നു മണ്ണുമാന്തികപ്പലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തക്കസമയത്തുനടത്തി അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നീണ്ടകരയിലും ബേപ്പൂരിലും ഓരോ വർക്ക്ഷോപ്പുകൾ സ്ഥാപിച്ചു.

2. കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിലുള്ള കടൽപ്പാലങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുവരുന്നു.

3. ബേപ്പൂരിൽ 5.5 മീറ്റർ ആഴമുള്ള ചാനൽ നിർമ്മിക്കുന്നതിന് ആവശ്യമായ രണ്ട് ബ്രെയ്ക്ക് വാട്ടറുകളുടെ നിർമ്മാണം ആരംഭിച്ചു.

4. നീണ്ടകര തുറമുഖത്ത് 3.85 മീറ്റർ ആഴമുള്ള ചാലും, വാർഫും ആവശ്യമായ ഗോഡൗണുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി അപ്രോച്ചുറോഡും ഒരു ഗോഡൗണും പൂർത്തിയാക്കി.

LIBRARY ARCHIVES Kerala Legislative Assembly